പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7036

13.07.12-ൽ മറുപടിയ്ക്ക്

## മാലിന്യ വിമുക്ത ടൂറിസം കേന്ദ്രം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |

| | | | |
| --- | --- | --- | --- |
| എ) | മാലിന്യ വിമുക്ത ടൂറിസം കേന്ദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) | ടൂറിസം വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് ആവശ്യമുള്ളയിടങ്ങളിലെല്ലാം മാലിന്യ നിർമ്മാർജ്ജനം നടപ്പാക്കി ടൂറിസം കേന്ദ്രങ്ങളും പ്രധാന ടൂറിസം ഇടനാഴികളും വൃത്തിയായി സൂക്ഷിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. വിവിധ എൻ.ജി.ഒ കളുടേയും സ്വയംഭരണ സ്ഥാപനങ്ങളുടെയും, സ്വയം സഹായ സംഘങ്ങളുടെയും പങ്കാളിത്തത്തോടെ കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ (KWFD) എന്ന പേരിൽ പ്രചാരണ പരിപാടികൾ ആരംഭിക്കുവാനും ടൂറിസം മന്ത്രി അദ്ധ്യക്ഷനായ ഒരു ടാസ്ക് ഫോഴ്സ് ഫോർ ഇഫക്ടീവ് ക്യാമ്പയിൻ (KWFD) രൂപീകരിക്കുവാനും പദ്ധതിയുണ്ട്. ഇതിൽ ടൂറിസം വകുപ്പിലെയും തദ്ദേശ സ്വയംഭരണ വകുപ്പിലെയും ശുചിത്വ മിഷനിലെയും സ്വയംസഹായ സംഘങ്ങളിലെയും, വിവിധ എൻ.ജി.ഒ കളിലെയും ടൂറിസം വ്യവസായത്തിലെയും പ്രതിനിധികൾ ഉണ്ടായിരിക്കും. |
| ബി ) | പ്രസ്തുത പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) | ഉണ്ട്. കോവളം ടൂറിസ്റ്റ് കേന്ദ്രത്തിലെ മാലിന്യ നിർമ്മാർജ്ജനത്തിനായി ഒരു എൻ.ജി.ഒ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.കോവളം കേന്ദ്രമാക്കിയുള്ള മറ്റൊരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| സി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | സംസ്ഥാനത്തെ എല്ലാ പ്രമുഖ ടൂറിസം കേന്ദ്രങ്ങളിലും ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പേരിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ